# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുഴക്കല് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ടി എസ് ആർ(പി 13)536/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 26/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുഴക്കല് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ, തൃശ്ശൂർ)
3.കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ ടി എസ് ആർ(പി 13)536/2023 തീയ്യതി: 26/04/2023

## തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-03-2021 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുധ ദാസ് | ജോയിന്റ് ഡയറക്ടർ | 17-04-2023 | 20-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-04-2023 | 20-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മീര ടി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ ഇ എൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജോമോൻ ഇ കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജീജോ ജോബ്, സിനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അനീറ്റ ഡോമിനിക്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ജ്യോതി ജോസഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ചന്ദ്രമോഹൻ.ബി.എം. | സെക്രട്ടറി | 01-04-2021 | 14-12-2021 |
| ശ്രീ.നരേന്ദ്രനാഥ്.പി.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-12-2021 | 26-12-2021 |
| ശ്രീ.അഫ്സൽ പി.എൻ. | സെക്രട്ടറി | 27-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ചാന്ദ്നി വി.ജി. | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശബ്ന.കെ.കെ. | അസി.എഞ്ചിനീയർ | 01-04-2021 | 22-12-2021 |
| ശ്രീമതി.സന്ധ്യ കെ.ജി. | അസി.എഞ്ചിനീയർ | 23-12-2021 | 31-03-2022 |
| ശ്രീമതി.സിനി.ടി.ഡി. | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ആശ മാത്യൂ | ശിശുവികസന പ്രൊജക്ട് ഓഫീസർ | 01-04-2021 | 05-07-2021 |
| ശ്രീമതി.ഡിഫ്ന ഡിക്രൂസ് | ശിശുവികസന പ്രൊജക്ട് ഓഫീസർ | 06-07-2021 | 10-11-2021 |
| ശ്രീമതി.ശരണ്യ സി.ജി. | ശിശുവികസന പ്രൊജക്ട് ഓഫീസർ | 11-11-2021 | 31-03-2022 |
| ശ്രീ.ഉണ്ണിരാജൻ.പി. | കൃഷി അസി.ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മിനി.പി.ആർ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മഞ്ജുഷ.ടി.വി. | ക്ഷീരവികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മനോജ്.സി.വർഗ്ഗീസ് | സൂപ്രണ്ട്, സി.എച്ച്.സി.തോളൂർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷിക കണക്കിലെ അപാകതകൾ | 1-8 |
| 9 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല | 1-8-1 |
| 10 | വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല | 1-8-2 |
| 11 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-8-3 |
| 12 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ | 1-8-4 |
| 13 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു | 1-8-5 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-8-6 |
| 15 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-7 |
| 16 | ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല | 1-8-8 |
| 17 | അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല | 1-8-9 |
| 18 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-8-10 |
| 19 | Capital Contribution മുൻ വർഷത്തെ തുകയിൽ നിന്നും വ്യത്യാസമില്ല | 1-8-11 |
| 20 | ലോൺ ഇനത്തിൽ 1121/-രൂപ അവശേഷിക്കുന്നുണ്ട് | 1-8-12 |
| 21 | കടമുറി വാടക - അപാകങ്ങൾ | 1-9 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-10 |
| 23 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-11 |
| 24 | പി.എം.എ.വൈ. (ജി) ലൈഫ് ഭവന പദ്ധതികൾ- കേന്ദ്രാവിഷ്കൃത ഫണ്ടിലെ ചെലവ് സുലേഖ ചെലവ് പത്രികയിൽ / ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-12 |
| 25 | ബ്ലോക്ക് പഞ്ചായത്ത് വിവിധ പഞ്ചായത്തുകളിൽ നടപ്പാക്കിയ നിർമ്മാണ പ്രവത്തികൾ-പഞ്ചായത്തുകളിൽ നിന്ന് സമ്മതപത്രം ലഭ്യമായിട്ടില്ല | 1-13 |
| 26 | മണ്ണ് ലേലം -തുടർ നടപടി വിവരം ലഭ്യമായിട്ടില്ല | 1-14 |
| 27 | തിരൂർ സെന്റ് തോമസ് എൽപി.സ്കൂൾ -സാനിറ്ററി കോംപ്ലക്സ്-അപാകതകൾ | 1-15 |
| 28 | മരുന്ന് വാങ്ങൽ -അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല | 1-16 |

| | | |
|---|---|---|
| 29 | മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല -തുടർ നടപടികൾ സ്വീകരിക്കണം. | 1-17 |
| 30 | വാഹന പരിപാലനം -അപാകതകൾ | 1-18 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 20.02.2021/ തീരുമാനം നം.1(1) | |
| | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
| | 164410000 | 163909980 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 16.03.2022/ തീരുമാനം നം. 2(3) | |
| | വരവ് | ചെലവ് |
| | 183729405 | 183264405 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 25.05.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7586478.57 |
| വരവ് | 56010537 |
| ആകെ | 63597015.57 |
| ചെലവ് | 51339344 |
| നീക്കിയിരിപ്പ് | 12257671.57 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ACR പ്രകാരം വരവ് | ആകെ | ചെലവ് | ചെലവഴിയ്ക്കാത്ത തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21208967 | 21208967 | 19042626 | 2166341 |
| വികസനഫണ്ട് എസ്.സി.പി. | 0 | 13259162 | 13259162 | 11240535 | 2018627 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5939599 | 5939599 | 4034494 | 1905105 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 0 | 8870000 | 8870000 | 4475778 | 4394222 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി ത്തുകയുടെ | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ |
|---|---|---|---|---|---|

| | | | | ശതമാനം | ശതമാനം |
|---|---|---|---|---|---|
| 130 | 62495558 | 75 | 41327080 | 66.13 | 57.69 |

### 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 18.04.2023 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

### 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും നന്നായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-8 വാർഷിക കണക്കിലെ അപാകതകൾ

2021-22 ലെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.
(ഓഡിറ്റ് എൻക്വയറി : 6/19.04.2023)

### 1-8-1 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

### 1-8-2 വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക ഡിമാന്റ് രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

### 1-8-3 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-8-4 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്ക് വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2022 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income - Other Incomes | (153608) |

### 1-8-5 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-8-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി-11 പ്രകാരം ആസ്തിമൂല്യം 2,7148408/- രൂപയാണ്. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-8-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4671193/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5593996 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-8-8 ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം 8 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര.നം. | ആസ്തി -ശീർഷകം | 31/3/2022 ലെ മൂല്യം |
|---|---|---|
| 1 | 410710199-Movable Asset Others | 988070 |

### 1-8-9 അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും Advance To Implementing Officers - വർഷാന്ത്യസംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

Temporary Advance For Official Purposes , Advance To Implementing Agencies എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

### 1-8-10 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ RP 34 പ്രകാരമുള്ള വരവ് ചെലവുകളുടെയും B-7 പ്രകാരമുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-8-11 Capital Contribution മുൻ വർഷത്തെ തുകയിൽ നിന്നും വ്യത്യാസമില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-8-12 ലോൺ ഇനത്തിൽ 1121/-രൂപ അവശേഷിക്കുന്നുണ്ട്

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി5 പ്രകാരം Secured Loans From Co-operative Banks ഇനത്തിൽ 1121/- രൂപ ബാക്കിയുള്ളതായി കാണുന്നു. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി ചുവടെ

ചേർക്കുന്നു.

'IAY സ്റ്റേറ്റ് വിഹിതം സർക്കാരിൽ നിന്ന് ലഭിക്കാതിരുന്ന കാലഘട്ടത്തിൽ ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിനായി കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നിന്ന് ലോണെടുത്ത് വീട് പണി പൂർത്തിയാക്കിയിരുന്നു. ആയതുമായി ബന്ധപ്പെട്ട ലോൺ തിരിച്ചടവ് പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ ബന്ധപ്പെട്ട കോപ്പറേറ്റീവ് ബാങ്കുകൾ അക്കൗണ്ടിൽ കിടക്കുന്ന തുകയ്ക്ക് പലിശയായി നല്കിയ തുകയാണ് 1121/-രൂപ. ഈ തുക വരവ് ചെയ്തപ്പോൾ Secured Loans From Co-operative Banks ഹെഡിലേക്ക് റസീറ്റ് ചെയ്യുകയാണ് ചെയ്തത്. ആയത് നടപ്പ് വർഷം ക്രമീകരിച്ച് തുക സെറ്റിൽ ചെയ്യുന്നതാണ്.'

തുക ക്രമീകരിക്കേണ്ടതാണ്.

## 1-9 കടമുറി വാടക - അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക സംബന്ധിച്ചുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 5 കെട്ടിടങ്ങളിൽ നിന്നാണ് സ്ഥാപനത്തിന് വാടക ഇനത്തിൽ വരവ് ലഭിക്കുന്നത്.

ഫോർച്യൂണ HRD ഇൻസ്റ്റിറ്റ്യൂട്ട് എന്ന കടമുറി 2021-22 വർഷത്തിൽ വാടകകുടിശ്ശിക വരുത്തിയിട്ടുള്ളത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20.04.2023) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 11.10.2021 തീയതിയിലെ 6/13 നമ്പർ തീരുമാനപ്രകാരം എല്ലാ കെട്ടിടങ്ങൾക്കും ആറുമാസത്തെ വാടക ഒഴിവാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫോർച്യൂണയ്ക്ക് ആറുമാസ വാടക തുക ഒഴിവാക്കിയിട്ടുള്ളതും മൂന്നുമാസത്തെ തുകയായ 3630 മാത്രം അടവാക്കാൻ ബാക്കിയുള്ളതും ആണ്. ഫോർച്യൂണ HRD ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിൽ നിന്നും വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

2. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിനായി എൽ എസ് ജി ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതു പ്രകാരം സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളനുസരിച്ച് വാടക കണക്കാക്കി സമർപ്പിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയും റിപ്പോർട്ടിലെ തുകയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ വാടക പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. മേൽ തീരുമാനത്തിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.05.2022 ലെ തീരുമാനം നം. 5(1)/2022 താത്കാലികമായി മരവിപ്പിക്കേണ്ടതാണെന്നും വിഷയത്തിൽ വിശദമായ പരിശോധനയ്ക്ക് ശേഷം ഉചിതമായ തീരുമാനം കൈക്കൊണ്ട് അറിയിക്കുന്നതാണ് എന്നും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 21.06.2022 ലെ ഡിഡി2/213/2022/തസ്വഭവ പ്രകാരം ബ്ലോക്ക് പഞ്ചായത്തിനു കത്ത് ലഭിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20.04.2023) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു: 'അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മേൽ സൂചിപ്പിച്ച കത്തിന് തുടർന്ന് സ്പഷ്ടീകരണം ലഭ്യമാകാത്തതിനെത്തുടർന്ന് 09.02.2023 തീയതിയിലെ ബി 770/2022 നമ്പർ കത്ത് പ്രകാരം വീണ്ടും അടിയന്തര തീരുമാനത്തിന് അപേക്ഷിച്ചുകൊണ്ട് അഡിഷണൽ ചീഫ് സെക്രട്ടറിക്ക് ഉചിത മാർഗ്ഗേണ കത്ത് സമർപ്പിച്ചിട്ടുള്ളതും 27.3.2023ലെ കമ്മിറ്റി തീരുമാനമനുസരിച്ച് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങൾ 13.04.2023 ൽ അഡീഷണൽ ചീഫ് സെക്രട്ടറിയെ നേരിട്ട് കണ്ട് വിഷയം ബോധിപ്പിച്ചിട്ടുള്ളതുമാണ്.'

മേൽ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് വാടക പുതുക്കേണ്ടതാണ്.

3. മേൽ വിഷയം നിലനില്ക്കുന്നതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ വാടക നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടില്ല.

മേൽ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് വാടക കരാറിൽ ഏർപ്പെടേണ്ടതാണ്.

## 1-10 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊ.നം. 18/22) വികസന ഫണ്ട്-എസ്.സി.പി. ഉപയോഗിച്ച് 24,25,000/- രൂപ പഠനമുറി നിർമ്മിക്കുന്നതിനായി വിവിധ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന രണ്ട് ഗുണഭോക്താക്കൾ 50,000/- രൂപ വീതം ആദ്യ ഗഡു മുൻകൂർ കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | വൗച്ചർ നം./തീയതി |
|---|---|---|

| | | |
|---|---|---|
| 1 | അമൽകൃഷ്ണ എം.കെ., S/o കൃഷ്ണൻ എം.വി., മനക്കപ്പറമ്പിൽ വീട്, പുറനാട്ടുകര | 22100429/29.11.2021 |
| 2 | കൃഷ്ണവേണി സി.എസ്. D/o സുനിൽകുമാർ സി.യു., ചിറക്കൽ വീട്, മുളങ്കുന്നത്ത് കാവ് | 22100524/27.01.2022 |

പഠനമുറി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം കൈപ്പറ്റിയ മുൻകൂർ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം. 05/19.04.23)

## 1-11 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം | തുക (₹) |
|---|---|---|---|---|
| 1 | 3/22 ഐ.കെ.എം. ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ(വികസന ഫണ്ട് ജനറൽ) | ഇൻഫർമേഷൻ കേരള മിഷൻ | 22100082/07.06.21 | 40,886 |
| 2 | 53/22 ഉത്രംകുളങ്ങര കുടിവെള്ള പദ്ധതി വാർഡ് 3 അവണൂർ ഗ്രാ.പ. (വികസന ഫണ്ട്-എസ്.സി.പി.) | ഭൂജല വകുപ്പ് | 22100289/07.10.21 | 10,00,000/- |
| 3 | 54/22 ചൈനബസാർ വീരാളി കോളനി കുടിവെള്ള പദ്ധതി അവണൂർ ഗ്രാ.പ. (വികസന ഫണ്ട്-എസ്.സി.പി.) | ഭൂജല വകുപ്പ് | 22100288/07.10.21 | 10,00,000/- |
| 4 | 72/22 കോലഴി പഞ്ചായത്തിലെ 12,13 വാർഡ് മഹാത്മാഗാന്ധി കുടിവെള്ള പദ്ധതി (ധനകാര്യ കമ്മീഷൻ അവാർഡ്) | ഭൂജല വകുപ്പ് | 22100741/31.03.22<br>22100630/03.03.22 | 15,00,000/-<br>15,000/- |
| 5 | 64/22 അടാട്ട് പഞ്ചായത്തിലെ പതിനെട്ടാം വാർഡ് | ഭൂജല വകുപ്പ് | 22100740/31.03.22<br>22100631/03.03.22 | 11,61,000/-<br>12,220 |

| | | | | |
|---|---|---|---|---|
| കുന്നംപുറം കുടിവെള്ള പദ്ധതി (ധനകാര്യകമ്മീഷൻ അവാർഡ്) | | | | |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 03/19.04.23)

## 1-12 പി.എം.എ.വൈ. (ജി) ലൈഫ് ഭവന പദ്ധതികൾ- കേന്ദ്രാവിഷ്കൃത ഫണ്ടിലെ ചെലവ് സുലേഖ ചെലവ് പത്രികയിൽ / ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ(ജി)- ലൈഫ് പട്ടികജാതി വിഭാഗം (പ്രൊ.നം. 6/22), പി.എം.എ.വൈ.(ജി) -ലൈഫ് പൊതുവിഭാഗം (പ്രൊ.നം. 4/22), എന്നീ പ്രൊജക്ടുകളിൽ കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ യഥാക്രമം ₹6,00,000/- , ₹8,40,000/-എന്നിങ്ങനെ തുക വകയിരുത്തിയിട്ടുണ്ട്. ലൈഫ് ധനസഹായ വിതരണ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൻ പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ യഥാക്രമം ₹3,84,000/-, ₹5,52,000/- എന്നിങ്ങനെ ആകെ ₹9,36,000/- വിവിധ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ചെലവ് സുലേഖ ചെലവ് പത്രികയിൽ/ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

മാത്രമല്ല, 2021-22 ലെ വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പൻഡിച്ചർ പത്രിക ഷെഡ്യൂൾ ഐ-6 പ്രകാരം ₹9,36,000/- ന് പകരം 8,64,000/- രൂപ മാത്രമാണ് ചെലവിന് ആനുപാതികമായ വരവ് ആയി രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ ₹72,000/- വ്യത്യാസം വന്നിട്ടുണ്ട്. മേൽ അപാകം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (04/19.04.23) മറുപടി ലഭ്യമാക്കിയില്ല. തുടർവർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-13 ബ്ലോക്ക് പഞ്ചായത്ത് വിവിധ പഞ്ചായത്തുകളിൽ നടപ്പാക്കിയ നിർമ്മാണ പ്രവത്തികൾ- പഞ്ചായത്തുകളിൽ നിന്ന് സമ്മതപത്രം ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് എഞ്ചിനീയർ

ബ്ലോക്ക് പഞ്ചായത്ത് വിവിധ പഞ്ചായത്തുകളിൽ നടപ്പാക്കിയ നിർമ്മാണപ്രവർത്തികൾക്ക് പഞ്ചായത്തുകളിൽ നിന്ന് സമ്മതപത്രം ലഭ്യമാകാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ഫണ്ട് | ഭരണാനുമതി | സാങ്കേതികാനുമതി | കരാറുകാരൻ | വൗച്ചർ/തുക |
|---|---|---|---|---|---|
| 132/22<br>മേഞ്ചിറ പടവ് –ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ | വികസനഫണ്ട് 450000 | 1(3)2021/ 18-8-21 | LSGD/TS/ 2021/2022/83134 /7-12-21 | ലൈജു.ഇ.സി. | 22100646/ 28-2-22<br>444,441 |
| 160/22വളക്കുളം പാടശേഖരം- റീടെയ്നിംഗ് വാൾ പൂർത്തീകരണം | വികസനഫണ്ട് 200000 | 2(1)/2022 /3-3-22 | LSGD/TS/ 2021/2022/ 19177/15-3-22 | സുരേന്ദ്രൻസി.ആർ. | 22100757/ 27-3-22<br>199523 |

പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി -11/20-4-23)

## 1-14 മണ്ണ് ലേലം -തുടർ നടപടി വിവരം ലഭ്യമായിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത്, കൈപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ രണ്ട് മരാമത്ത് പ്രവൃത്തികളിൽ നിന്നും ലഭിച്ച 150 M3മണ്ണ് ലേലം ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ്എഞ്ചിനീയർ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് ലേലനടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തി/ചെലവ് | കത്ത് നം. |
|---|---|---|

| നം | | |
|---|---|---|
| 1 | അയ്യങ്കാളി മാതൃക കോളനി - കൊള്ളന്നൂർ(153/22)<br>വൗച്ചർനം,തുക 22100695/20-3-22 /1,41,993<br>MB 126/17-18 | A14/AE /LSGD/PKL /2021-22 /18-3-22 |
| 2 | കൈപ്പറമ്പ്എസ്.സി.കോളനി വിവിധ പ്രവൃത്തികൾ (73/22)<br>വൗച്ചർനം,തുക 22100710/20-3-22 /1,12,542<br>MB127/17-18 | |

എന്നാൽ മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിശദാംശങ്ങൾ ഫയലിൽലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി-9/20-4-23)മറുപടി ലഭ്യമാക്കിയിട്ടില്ല. മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15 തിരൂർ സെന്റ് തോമസ് എൽപി.സ്കൂൾ -സാനിറ്ററി കോംപ്ലക്സ്-അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥ - അസിസ്റ്റന്റ് എഞ്ചിനീയർ

സാനിറ്ററി കോംപ്ലക്സ്, തിരൂർ സെന്റ്തോമസ് എൽപി.സ്കൂൾ
83/22(spill Over)

അടങ്കൽ-400000

ഫണ്ട്-വികസനഫണ്ട്400000

ഭരണാനുമതി 6(1)/2019/30-8-2019

സാങ്കേതികാനുമതി 54962/19-20/6-9-19

ചെലവ്-വൗച്ചർ/-22100391/9-11-21 -തുക 296531

എം. ബുക്ക് – 5/21

കരാറുകാരൻ – നിഖിൽ.വി.ആർ

അധികാര വികേന്ദ്രീകരണം –ചുമതലകളും, സ്ഥാപനങ്ങളും കൈമാറിയ ഉത്തരവ് ജി.ഒ.(പി) നം.189/95/ത.സ്വ.ഭ.വ, തീയതി 18-9-1995 പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് എൽപി സ്കൂളുകൾ പഞ്ചായത്തിന്റെ അധികാര പരിധിയിൽ പെടുന്നതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിക്കായി മേൽപ്രകാരം ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന്പഞ്ചായത്തിൽ നിന്നുള്ള സമ്മതപത്രം ലഭ്യമാക്കിയിട്ടില്ല. സമാന പദ്ധതി, പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നതു ഉറപ്പു വരുത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ ടോയ്‌ലറ്റ് ആവശ്യമെങ്കിൽ അത്തരം പ്രവൃത്തികൾ ഏറ്റെടുത്തതിനു ശേഷമാണ് എയ്ഡഡ് സ്കൂളുകളിലെ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നത്. ഇക്കാര്യവും ഉറപ്പു വരുത്തിയിട്ടില്ല. ഭാവിയിൽ, ബ്ലോക്ക്പഞ്ചായത്തിന്റെ അധികാര പരിധിയിൽ പെടാത്ത പദ്ധതികൾ ഏറ്റെടുക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി 10/20-4-23).

## 1-16 മരുന്ന് വാങ്ങൽ -അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ട് (ജനറൽ) ഉപയോഗപ്പെടുത്തി പ്രോജക്ട് നമ്പർ 47/21-22, സി.എച്ച്.സി തോളൂർ സെക്കണ്ടറി പാലിയേറ്റീവ് കെയർ -ആയുർവേദ മരുന്ന് വാങ്ങൽ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

- വൗച്ചർ നം. 22100643/28.02.22, തുക –3,00,000
- ട്രഷറി ബിൽ നം.39/ 28.2.22

ബന്ധപ്പെട്ട ഫയലും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ ബിൽ പ്രകാരം മരുന്നുകൾക്ക് 2,83,141 രൂപ മാത്രമാണ്

വില വന്നിരിക്കുന്നതെന്നും. അധികമായി നൽകിയിരിക്കുന്ന 16859 രൂപ നാളിതു വരെയായി തിരികെ ലഭ്യമായിട്ടില്ലെന്നും കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/19-4-23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 15-7-22 തിയ്യതിയിലെ ബി.249/22/CHCT കത്ത് പ്രകാരം അധികമായി നൽകിയിരിക്കുന്ന തുക തിരിച്ച് നൽകുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും സ്ഥാപനത്തിൽ നിന്ന് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടി. തുകക്കുള്ള ആയുർവേദ മരുന്നുകൾ പകരം ലഭ്യമാക്കാനാവശ്യപ്പെടാൻ തീരുമാനമെടുത്തിട്ടുണ്ടെന്നാണറിയിച്ചിരിക്കുന്നത്. ബിൽ തുക പരിശോധിച്ചതിൽ മരുന്നുകളുടെ വില കണക്കാക്കിയിട്ടുള്ളതിൽ പിശക് വന്നതായും 2,92,891 രൂപയുടെ മരുന്നുകൾ ലഭ്യമായതായും കാണുന്നു, ആയതു പ്രകാരം 7109 രൂപ മാത്രമേ തിരികെ ലഭിക്കാനുള്ളൂ. ടി വ്യതാസം ഔഷധിയെ അറിയിക്കേണ്ടതും. അധികമായി നൽകിയിരിക്കുന്ന തുകയോ, തതുല്യമായ മരുന്നുകളോ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-17 മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല -തുടർ നടപടികൾ സ്വീകരിക്കണം.

മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണോദ്യോഗസ്ഥനായി മെയിന്റനൻസ് ഫണ്ട് (ജനറൽ-റോഡിതരം) ഉപയോഗപ്പെടുത്തി പ്രോജക്ട് നമ്പർ 36/21-22, സി.എച്ച്.സി തോളൂർ ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്ന് വാങ്ങൽ പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

1) വൗച്ചർ നം. 22100225/27.08.21, തുക -3,07,932

പ്രൊഫോമ ഇൻവോയ്സ് നം. PRF-1454/02.08.2021 പ്രകാരം 3,07,932/- രൂപ മരുന്നിനായി KMSCL ന് നൽകിയിട്ടുണ്ട്. അതിൽ 1,95,135/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 1,12,797/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 8/19.04.2023.)

### 1-18 വാഹന പരിപാലനം -അപാകതകൾ

പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 8-ബി.എസ്. -8422, ടാറ്റാഎയിസ് വാഹനത്തിന്റെ ലോഗ് ബുക്ക്, പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് ഫണ്ട് ലഭിച്ചതിൽ നീക്കിയിരിപ്പില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ | വൗച്ചർ നം | മുൻകൂർ നല്കിയ തുക (₹) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 53/22 ഉത്രംകുളങ്ങര കുടിവെള്ള പദ്ധതി വാർഡ് 3 അവണൂർ ഗ്രാ.പ. | 22100289/ 07.10.21 | 10,00,000 | 0 | 1000000 |
| | 54/22 ചൈനബസാർ വീരാളി കോളനി കുടിവെള്ള പദ്ധതി അവണൂർ ഗ്രാ.പ. | 22100288/ 07.10.21 | 10,00,000 | 0 | 1000000 |
| | 72/22 കോലഴി പഞ്ചായത്തിലെ 12,13 വാർഡ് മഹാത്മാഗാന്ധി കുടിവെള്ള പദ്ധതി | 22100741/ 31.03.22<br>22100630/ 03.03.22 | 15,00,000<br>15,000 | 0 | 1515000 |
| | 64/22 അടാട്ട് പഞ്ചായത്തിലെ പതിനെട്ടാം വാർഡ് കുന്നംപുറം കുടിവെള്ള പദ്ധതി | 22100740/ 31.03.22<br>22100631/ 03.03.22 | 11,61,000<br>12,220 | 0 | 1173220 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

വായ്പ ഇനത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 ൽ Secured Loans From Co-operative Banks ഇനത്തിൽ 1121/- രൂപയുണ്ട്. പ്രസ്തുത തുക സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിലെ അപാകതകളിൽ ഖണ്ഡിക 1-8-13 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായില്ല.

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56010537 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51339344 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1995-96 മുതൽ 1997-98 | LFT-21-368/2000 Dt.14.6.2000 | 1 | 29 | CAR |
| 2 | 1998-99 (ചെലവ്) | LFT-21-77/08 Dt.10.5.2010 | 2 | 2-8 2-10 | |
| 3 | 1999-2000 | LFT21-78/08 Dt.10.05.10 | 1 | 2-1 | |
| 4 | 2000-01 (ചെലവ്) | LFT-21-79/08 Dt.10.5.2010 | 3 | 2-1, 2-2 2-3 | |
| 5 | 2002-03 | LFT-21-881/09 Dt.15.7.11/11.10.11 | 2 | 3-2 3-5 | |

| | | | | | |
|---|---|---|---|---|---|
| 6 | 2003-04 | LFT-21-882/09<br>Dt.15.7.11/11.10.11 | 6 | 3-1, 3-3, 3-5,<br>3-6,<br>3-8, 3-9 | |
| 7 | 2005-06 | LFT-21-1143/10<br>Dt.14.12.2011 | 1 | 3-1 | |
| 8 | 2006-07 | LFT.21-1144/10<br>Dt.14.12.11 | 1 | 3-2 | |
| 9 | 2007-08<br>മുതൽ<br>2010-11<br>വരെ | LFT21-1420/2012<br>Dt.6.12.12/14.3.12 | 17 | 3-1, 3-2, 3-4,<br>3-5, 3-6, 3-7,<br>3-8,<br>3-9, 3-10, 3-11,<br>3-12, 3-13, 3-15,<br>3-16(5)(6)(7)(8),<br>3-18, 3-19, 3-20 | |
| 10 | 2011-12 | LFT(BP)1656/13<br>Dt.10.3.14/4.4.14 | 6 | 3-3, 3-4, 3-5,<br>3-7(2,7), 3-10,<br>3-14 | |
| 11 | 2012-13 | LFT(BP)1024/14<br>Dt.8.10.14/12.11.14 | 6 | 3-2, 3-3, 3-6,<br>3-9, 3-11, 3-15 | |
| 12 | 2013-14 | KSA.TSR(BP1)375/15<br>Dt.5.8.15/3.9.15 | 6 | 3-6(2,4,5,8,9),<br>3-8, 3-11, 3-15,<br>3-16, 3-17 | |
| 13 | 2014-15 | KSA.TSR(BP1)704/16<br>Dt.21.5.16/17.8.16 | 5 | 3-1, 3-4, 3-6,<br>3-7, 3-10 | |
| 14 | 2015-16 | KSATSR(BP1)351/17<br>Dt.24.3.17 | 4 | 3-4, 3-5, 3-6,<br>3-8 | |
| 15 | 2016-17 | KSATSR(BP1)1722/17<br>Dt.30.11.17/10.1.18 | 6 | 3-3, 3-4,<br>3-5(2,3,4,5),<br>3-6, 3-7, 3-10 | |
| 16 | 2017-18 | KSATSR(BP1)53/2019<br>Dt.12.2.19/30.3.19 | 8 | 2-3, 3-2(1), 3-3,<br>3-4, 3-9,<br>3-10, 3-11, 3-12 | |
| 17 | 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.1)959/19 / 13.08.2020 | 17 | 1-8, 1-10, 2-1, 3-1,<br>3-2, 3-3, 3-4,<br>3-5, 3-6, 3-7,<br>3-8, 3-9, 3-10,<br>4-2, 4-3, 4-9,<br>4-10 | |
| 18 | 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(പി.13)948/22 / 16/07/2022 | 18 | 1-7, 1-10 To 1-26 | |
| 19 | 2020-21 | കെ.എസ്.എ.ടി.എസ്.ആർ(പി13)949/22dt.02.07.22 / 16/07/2022 | 20 | 1-7, 1-9 To 1-27 | |
| | ആകെ | | 130 | | |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്